സ്തുതിച്ചീടാം സ്തുതിച്ചീടാം യേശുനാഥനെ

വന്ദിച്ചീടാം വന്ദിച്ചീടാം തിരുപ്പാദത്തെ -2

ആരാധിക്കാം ആരാധിക്കാം ആത്മനാഥനെ

ആത്മാവിലും സത്യത്തിലും ആരാധിച്ചിടാം -2 സ്തുതി....1

പാപച്ചേറ്റിൽ നിന്നും നമ്മെ വീണ്ടെടുത്തല്ലോ

പാദങ്ങളെ പാറമേൽ ഉറപ്പിച്ചുവല്ലോ -2

സാറാഫുകൾ മുഖം മറച്ചാരാധിക്കുമ്പോൾ

പൊന്മുഖം കണ്ടാരാധിപ്പാൻ കൃപ തന്നല്ലോ -2 സ്തുതി....1

കഷ്ടതകൾ ഒന്നിനുമേൽ ഒന്നായ് വന്നപ്പോൾ

കൃപമേൽ കൃപ പകർന്നു നടത്തിയല്ലോ -2

കണ്ണീർ തൂകും വേളയിലടുത്തു വന്നല്ലോ

മാറോടണച്ചാശ്വാസവും പകർന്നുവല്ലോ -2 സ്തുതി....1

ദിനം തോറും വേണ്ടും നന്മയെല്ലാം തന്നല്ലോ

ആവശ്യങ്ങളൊന്നുമേ മുടക്കിയില്ലല്ലോ -2

ലോകാവസാനം വരെയും കൂടെയുണ്ടെന്ന

മാറിടാത്ത വാഗ്ദത്തവും തന്നിട്ടുണ്ടല്ലോ -2 സ്തുതി....2, ആരാ....2,

sthuthiccheedaam sthuthiccheedaam yeshunaathane

vandiccheedaam vandiccheedaam thiruppaadatthe

aaraadhikkaam aaraadhikkaam aathmanaathane

aathmaavilum sathyatthilum aaraadhicchdtaam

sthuthi...1

paapacchettil̃ ninnum namme veendedutthallo

paadangale paaramel urappicchuvallo

saaraaphukal mukham maracchaaraadhikkumbol

ponmukham kandaaraadhippaan krupa thannallo

sthuthi...1

kashtathakal onninumel onnaay vannappol

krupamel krupa  pakarnnu nadatthiyallo

kanneer thookum velayiladutthu vannallo

maarodanacchaashvaasavum pakarnnuvallo

sthuthi...1

dinam thorum vendum nanmayellaam thannallo

aavashyangalonnume mudakkiyillallo

lokaavasaanam vareyum koodeyundenna

maaridaattha vaagdatthavum thannittundallo

sthuthi...2

aaraa...2, sthuthi...